ശ്രീ. എം. എം. മത്തായി : ഈ സംഘങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടോ ? ലോൺ എടുത്ത ശേഷം ചക്കിട്ട് എണ്ണയാട്ട് നടത്താത്തതുണ്ടോ ? എണ്ണയാട്ടാതെ കൊപ്ര കച്ചവടം നടത്തുന്ന സൊസൈറ്റികളുണ്ടെന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അറിഞ്ഞുകൂടാ. അങ്ങനെ നടത്തുന്നതായി മെംബർക്കു് അറിവുണ്ടെങ്കിൽ അതറിയിച്ചാൽ നടപടി എടുക്കാം.

ശ്രീ. എസ്. കുമാരൻ : വാണിയ സമുദായത്തിലുള്ളവർ ചേർന്നു രൂപീകരിക്കപ്പെട്ട നെയ്യാറ്റിൻകര, മേപ്പുക്കട സൊസൈറ്റിക്കു് ലോണിനു് ചെക്കു കൊടുത്തിട്ടു രണ്ടുകൊല്ലമായിട്ടും മറ്റുള്ളവരുടെ സമ്മർദ്ദം മൂലം പണം വാങ്ങാൻ കഴിയാതെ ആ സൊസൈറ്റി വീർപ്പുമുട്ടുകയാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. രവീന്ദ്രൻ : എണ്ണയാട്ടുന്നതു് ഏതുതരം ചക്കിലാണു് ഒറക്കാളയെ കെട്ടുന്ന ചക്കാണെങ്കിൽ, കാളവാങ്ങാൻ ലോൺ കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പരിഷ്ക്കരിച്ച ചക്കു് ഉപയോഗിക്കുന്നുണ്ടു്. അന്വേഷണത്തിൽ നാടൻ ചക്കാണു് എണ്ണയാട്ടുന്നതിനു് നല്ലതു് എന്ന അഭിപ്രായമുണ്ടു്. അതു് ഏതു കാളയെ കൊടുക്കുന്നതാണെന്നു അറിവില്ല.

ശ്രീ.കെ.കൃഷ്ണൻ: മിക്ക സഹകരണസംഘങ്ങളും കടലാസിൽ മാത്രമേയുള്ളുവെന്നും, ഒരു കാളയെക്കെട്ടി നാഴിയോ, ഇരുന്നാഴിയോ എള്ളു് ആട്ടി ഖാദി ബോർഡിൽനിന്നും പണം തട്ടിയെടുക്കുന്ന വിദ്യയാണു് നടത്തുന്നതെന്നുമറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : നേരേമറിച്ചാണു് ഗവണ്മെൻറിന്റെ അറിവു്. 1962-63-ൽ ഈ സൊസൈറ്റികൾ 39,06,000 രൂപാ വിലക്കുള്ള എണ്ണ ഉൽപ്പാദിപ്പിച്ചിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : മേപ്പുക്കട സൊസൈറ്റിക്കു് ലോൺ കൊടുക്കുന്ന കാര്യം അന്വേഷിക്കാമെന്നു പറഞ്ഞു. ഖാദിക്കമ്മീഷൻ ഉദ്യോഗസ്ഥൻതന്നെ ഈ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണെന്നും ലോൺ കൊടുക്കേണ്ടതാണെന്നും പറഞ്ഞിരിക്കെ അതിനെ തടസ്സപ്പെടുത്തുന്നതു് ശരിയല്ലെന്നു അറിയാമോ ? നിരവധി നിവേദനങ്ങളും ഈ കാര്യത്തിൽ കിട്ടിയിട്ടില്ലേ ? എന്തുകൊണ്ടാണു് നടപടിയെടുക്കാത്തതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ മാതിരി നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. നടപടിയെടുത്തു കഴിഞ്ഞിരിക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. അതുകൊണ്ടാണു് അന്വേഷിക്കാമെന്നു പറഞ്ഞതു്.

ഹോസിയറി (Hosiery) വ്യവസായം.

* 811. [4] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹോസിയറി (Hosier) വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) അയൽ സംസ്ഥാനമായ മദ്രാസിനെ അപേക്ഷിച്ചു് വളരെ കൂടുതൽ നികുതി ഈ വ്യവസായത്തിന്മേൽ ചുമത്തുന്നതുകൊണ്ടാണോ ഈ വ്യവസായം അഭിവൃദ്ധിപ്പെടുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വ്യവസായം പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇല്ല.

(ബി) ഈ വ്യവസായം അധഃപതിക്കുന്നതായി ഗവണ്മെൻറിനു വിവരമില്ല.

(സി) ബിയുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസ്.

* 812. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസ് റിവൈസ് ചെയ്തതുപ്രകാരം ഓരോ വിഭാഗത്തിനും കിട്ടേണ്ട കൂലിത്തോതെന്താണു് :

(ബി) അതു ലഭിക്കാൻ എന്തു നടപടിയെടുത്തിട്ടുണ്ടു് ;

(സി) വികസന പ്രവർത്തനങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെ പരിഗണിച്ചു കരിങ്കൽ ക്വാറികളിലെ തൊഴിലാളികളുടെ കാര്യത്തിൽ ഒരു അന്വേഷണം നടത്തി തൊഴിൽ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ നടപടികളെടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കരിങ്കൽ തൊഴിലാളികളുടെ കൂലിനിരക്കു് പുതുക്കിയ നോട്ടിഫിക്കേഷൻെറ ഒരു കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) പുതുക്കിയ കൂലിനിരക്കു് നടപ്പിലാക്കുന്നതിനുവേണ്ടി നടപടിയെടുക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

(സി) തൊഴിൽ സൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതികളൊന്നും ഇതുവരെയും തൊഴിലാളികളിൽ നിന്നോ അവരുടെ യൂണിയനുകളിൽ നിന്നോ ലഭിച്ചിട്ടില്ല. പരാതികളും ലഭിക്കുമ്പോൾ അതു പരിഗണിക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ തൊഴിലാളികളുടെ ബുദ്ധിമുട്ടുകളും മനസ്സിലാക്കി ഒരന്വേഷണക്കമ്മിറ്റിയെ വച്ചു് ഇവരുടെ തൊഴിൽ സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികളും ഗവണ്മെൻറു് എടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : 1-1-1963 മുതലാണു് റിവൈസ്ഡ് റേറ്റു് വന്നതു്. അവർക്കു് കൂലി കൊടുക്കുന്നതിനു പുറമെ മറ്റു പരിരക്ഷകൊടുക്കണമെന്നു നിവേദനം വന്നിട്ടില്ല. ഇനി പ്രത്യേകമായി എന്തെങ്കിലും ആവശ്യമുണ്ടെന്നു പറഞ്ഞാൽ അന്വേഷിച്ചു് വേണ്ടതു ചെയ്യാം.

ശ്രീ. കെ. ആർ വിജയൻ : അവർ പണിയെടുക്കുന്ന സ്ഥലങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ പോയി അന്വേഷിക്കാറില്ല. ഉദാഹരണമായി പുത്തൻവേലിക്കര ക്വാറിയിൽ ഒരിക്കലും ഉദ്യോഗസ്ഥന്മാർ പോയി അവരുടെ പരാതികളെപ്പറ്റി അന്വേഷിക്കാറില്ല. അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : പരാതികളും കിട്ടിയിട്ടില്ലെന്നു റിപ്പോർട്ടുണ്ടു്. പരാതികളും വരുമ്പോൾ അന്വേഷിക്കാൻ ഉദ്യോഗസ്ഥന്മാരുണ്ടു്.

* Appendix I

LIBRARY ARCHIVES Kerala Legislative Assembly